**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6691** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിലയപറമ്പ് ദ്വീപ് മേഖലയിൽ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിരവധി ഹോംസ്റ്റേകളും ഹൗസ്ബോട്ട് സർവീസുകളുമുള്ള കവ്വായി കായൽ ഉൾപ്പെടെയുള്ള വലിയപറമ്പ് ദ്വീപ് മേഖലയിൽ ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (എ) | നിലവിൽ കവ്വായി കായൽ ഉൾപ്പെടെയുള്ള വലിയപറമ്പ് ദ്വീപ് മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം എന്ന പദ്ധതിയിൽ മുക്കുവച്ചേരി ബോട്ട് ടെർമിനൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ തന്നെ വലിയപറമ്പ് പഞ്ചായത്തിൽ മാവിലകടപ്പുറം ബോട്ട് ജെട്ടിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മാടക്കൽ ബോട്ട് ജെട്ടിയുടെ നിർമ്മാണം പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി വലിയപറമ്പ് പഞ്ചായത്തിൽ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ് നടന്നുവരുന്നുണ്ട്. സ്ട്രീറ്റ് പദ്ധതിയ്ക്കായി വലിയപറമ്പ് പഞ്ചായത്തിനെ തെരെഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ